# കേരള സർക്കാർ ജലവിഭവ വകുപ്പ്
## ചെറുകിട ജലസേചനം
## ദർഘാസ് പരസ്യം

**നമ്പർ 71/2018-19** **തീയതി : 20.02.2019**

കേരള ഗവർണർക്കുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെറുകിട ജലസേചന ഉപവിഭാഗം (ഹൈഡ്രോളജി), ചെങ്ങന്നൂർ താഴെ പറയുന്ന പ്രവൃത്തിയ്ക്കു വേണ്ടി (ചെറുകിട ജലസേചന പെറ്റി മെയിന്റനൻസ് വർക്ക്സ്) നിശ്ചിത യോഗ്യത യുള്ള കരാറുകാരനിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച പ്രത്യേക കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. താഴെ കാണിച്ചിട്ടുള്ള തീയതികളിലും സമയത്തും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതാണ്.

ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയതി മുതൽ ഒരു മാസം വരെ ആയിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക(രൂപ) | നിരത ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില | കരാറുകാരുടെ വിഭാഗം | പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|
| 1 | 1/AEE/2018-19 | NHP-A1.9.01.AWP.ID 8460 അമ്പലപ്പുഴ റെയിൻഗേജ് സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി | 82334/- | 2058/- | 500 + GST | ഡിയും മുകളിലേയും | 1 മാസം |

Scanned by CamScanner

ദർഘാസ് പ്രമാണങ്ങളും മറ്റു വിശദ വിവരങ്ങളും 27.02.2019 (ഉച്ചയ്ക്ക് ശേഷം 1 മണി വരെ) താഴെ ഒപ്പു വച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകളുടെ കൂടെ 200 (ഇരുനൂറ്) രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിലുള്ളത് പ്രകാരം തയ്യാറാക്കിയ പ്രാഥമിക കരാർ പത്രം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക കരാർപത്രം ഇല്ലാതെ സമർപ്പിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. 1984-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8 (2) വകുപ്പ് അനുസരിച്ച് പ്രസ്തുത പണിയെടുക്കുന്ന കരാറുകാരന് നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചെലവിന്റെ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകാൻ ബാദ്ധ്യസ്ഥനാണ്.

പൂരിപ്പിച്ച ദർഘാസുകൾ മുദ്രവച്ച കവറിൽ രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് മുഖേനയോ **28.02.2019** വൈകുന്നേരം **2.00** മണിക്കു മുമ്പായി താഴെ ഒപ്പുവച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ദർഘാസ് നമ്പറും പ്രവൃത്തിയുടെ പേരും രേഖപ്പെടുത്തിയ മുദ്ര വച്ച കവറിലായിരിക്കണം ദർഘാസുകൾ സമർപ്പിക്കേണ്ടത്. ലഭിച്ച ദർഘാസുകൾ അന്നേ ദിവസം **28.02.2019** വൈകുന്നേരം **3** മണിയ്ക്ക് തന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഹാജരാകുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസുകൾ യാതൊരു കാരണവശാലും നേരിട്ട് സ്വീകരിക്കുന്നതല്ല. അന്നേ ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 2 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതും അന്നേ ദിവസം **3.00 PM** ന് തുറക്കുന്നതുമാണ്. നിരതദ്രവ്യമായി ഇന്ദിര വികാസ് പത്രം സ്വീകരിക്കുന്നതല്ല.

പൊതുമരാമത്ത് വകുപ്പിലേയും ജലവിഭവ വകുപ്പിലേയും ദർഘാസുകളെ സംബന്ധിക്കുന്ന മറ്റ് എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്. ലേബർ കോൺട്രാക്ടർ സൊസൈറ്റികൾ ദർഘാസിനൊപ്പം അവരുടെ യോഗ്യത, കൈവശമുള്ള പണികൾ, അവർക്ക് എടുക്കാവുന്ന പണികളുടെ സാമ്പത്തിക പരിധി മുതലായവ ഉൾക്കൊള്ളുന്ന സർട്ടിഫിക്കേറ്റുകളും (ബന്ധപ്പെട്ട ജോയിന്റ് രജിസ്റ്റാറിൽ നിന്നും ലഭിച്ചത്) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ജി.ഒ (പി) നമ്പർ 84/97 പി.ഡബ്ല്യു.ഡി പ്രകാരമുള്ള നിബന്ധനകളെല്ലാം ഈ ദർഘാസിനും ബാധകമാണ്.

Rajamani.V.V

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ചെങ്ങന്നൂർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്കുവേണ്ടി)

Office of the Asst: Executive Engineer
Water Resources Dept:
Chengannur
Date. 20.02.2019
Hydrology Sub Division

Scanned by CamScanner